പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2329

12.06.2018 ലെ മറുപടിയ്ക്ക്

**ഇൻഷ്വറൻസ് വകുപ്പ് വ്യക്തമായ കണക്ക് സൂക്ഷിച്ചിട്ടില്ലെന്ന പരാതി**

| ചോദ്യം | | മറുപടി |
|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ഡോ: ടി. എം.തോമസ് ഐസക്**<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |
| എ | സർക്കാർ ജീവനക്കാരുടെ എസ്.എൽ. ഐ., ജി.ഐ.എസ്. പദ്ധതികളുടെ വ്യക്തമായ കണക്ക് വകുപ്പ് സൂക്ഷിച്ചിട്ടില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; നടപടി സ്വീകരിക്കുമോ; | പോരായ്മ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി | ഇൻഷ്വറൻസ് വകുപ്പിന്റെ ഇക്കാര്യത്തിലുള്ള പോരായ്മ പരിശോധിച്ചിട്ടുണ്ടോ; | |
| സി | ജീവനക്കാരുടെ ക്ലെയിമിനുവേണ്ടി ഓഫീസുകൾ കയറിയിറങ്ങേണ്ട അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കുമോ; | ജീവനക്കാരുടെ ക്ലെയിമുകൾ അനുവദിക്കുന്നതിന് വരുന്ന കാലതാമസം ഒഴിവാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി | ജീവനക്കാരുടെ പാസ്സ് ബുക്കുകൾ അപ്ഡേറ്റ് ചെയ്ത് ഏൽപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | 29/04/2017-ലെ സർക്കുലർ നമ്പർ 31/2017/ധന, 28.07.2017 ലെ സർക്കാർ ഉത്തരവ്(അച്ചടി)നം.97/2017/ധന എന്നിവ പ്രകാരം ജീവനക്കാരുടെ എസ്.എൽ.ഐ,ജി.ഐ.എസ് പാസ്ബുക്കുകളിൽ പ്രതിമാസ കിഴിവ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ബന്ധപ്പെട്ട ഡി.ഡി.ഒ.യ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പാസ്സ് ബുക്കുകളിലെ വിവരങ്ങൾ സോഫ്റ്റ് വെയർ മുഖേന ഇൻഷ്വറൻസ് വകുപ്പിന് നൽകുന്നതിനുള്ള നിർദ്ദേശം ഡി.ഡി.ഒ. മാർക്കും നൽകിയിട്ടുണ്ട്. |
| ഇ | ഇൻഷ്വറൻസ് വകുപ്പിലെ ജീവനക്കാരുടെ ജോലിയെ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; വ്യക്തത ഇല്ലാത്ത കണക്കുകൾ ശരിയാക്കുവാൻ വേണ്ടി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ്, ജി.പി.എ.ഐ.എസ് , സർക്കാർ വാഹനങ്ങളുടെ മോട്ടോർ വാഹന ഇൻഷ്വറൻസ്, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫയർ, മറൈൻ, ഇ.ഇ.പി, |

| | | |
|---|---|---|
| | | ഫിഡിലിറ്റി ഗാരന്റി, മണി ഇൻ ട്രാൻസിറ്റ്, ബർഗ്ലറി ഇൻഷ്വറൻസുകൾ, മഹിളാപ്രധാൻ ഏജന്റുമാരുടെ ഇൻഷ്വറൻസ് എന്നിവയുടെ പോളിസി നൽകുന്നതും ക്ലെയിം തീർപ്പാക്കുന്നതും ഈ വകുപ്പാണ്. ഇൻഷ്വറൻസ് വകുപ്പിൽ നിന്നും അനുവദിച്ചിരിക്കുന്ന എസ്.എൽ.ഐ, ജി.ഐ.എസ് പാസ് ബുക്കിൽ അതാത് ഡി.ഡി.ഒ. സാക്ഷ്യപ്പെടുത്തിയ പ്രീമിയം അടവ് സംബന്ധിച്ച വിവരം രേഖപ്പെടുത്തി പാസ് ബുക്കിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് വകുപ്പാണ് എസ്.എൽ.ഐ, ജി.ഐ.എസ് ക്ലെയിം തീർപ്പാക്കുന്നത്.<br>ഇൻഷ്വറൻസ് വകുപ്പിലെ കണക്കുകൾ ശരിയാക്കുവാൻ വേണ്ടി ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല. |
| **എഫ്** | ഇതിനു ചെലവായ തുക എത്രയെന്നറിയിക്കാമോ? | ബാധകമല്ല |

സെക്ഷൻ ഓഫീസർ